# കാർഷിക വനവത്കരണത്തിന്റെ ഭാഗമായി ദ്വിദിന ശിൽപശാല നടത്തി

Veekshanam-17-05-2018-P-10

വെള്ളാനിക്കര: കാർഷിക വനവല്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കൃഷി വകുപ്പിന്റെ കീഴിൽ പ്രത്യേക വകുപ്പും കാർഷിക വന വല്ക്കരണ ബോർഡും സ്ഥാപിക്കണമെന്ന് വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ നടന്ന ദ്വിദിനശില്പശാല ശുപാർശ ചെയ്തു. കേരളത്തിലെ വീട്ടു വളപ്പുകളിൽ നിലനിന്നിരുന്ന വൃക്ഷപരിപാലന സമ്പ്രദായം പുനരുദ്ധാരിക്കണമെന്നും ഇതിനായി ശാസ്ത്രീയ, സാമ്പത്തിക സഹായങ്ങളും നിയമപരമായ പിൻതുണയും ഉറപ്പാക്കണമെന്നും ഉൾപ്പെടെയുള്ള പത്ത് നിർദ്ദേശ്ശങ്ങളാണ് കാർഷിക, വനശാസ്ത്ര മേഖലകളിലെ വിദഗ്ധരും കർഷക-വ്യവസായ പ്രതിനിധികളും പങ്കെടുത്ത ശിൽപശാലയിൽ ഉരുത്തിരിഞ്ഞത്.

വൃക്ഷവല്കരണമെന്ന സാമൂഹിക ഉത്തരവാദിത്തം ഏറ്റെടുക്കുന്ന കർഷകൻ അതിലൂടെ നൽകുന്ന പാരിസ്ഥിതിക സേവനം കണക്കിലെടുത്ത് പ്രതിഫലം നല്കാൻ വ്യവസ്ഥയുണ്ടാക്കണമെന്നും വീട്ടു വളപ്പിലെ തടി മുറിച്ചു നീക്കുന്നതിനുള്ള നിയമനിയന്ത്രണങ്ങൾ ലഘൂകരിക്കണമെന്നും ശിൽപശാല നിർദ്ദേശിച്ചു.ശുപാർശകൾ സർക്കാരിന് സമർപ്പിക്കുമെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ.ടി.കെ.കുഞ്ഞാമു പറഞ്ഞു.